**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 193** **12-10-2021 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . പി . ഉബൈദുള്ള | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രിയ്ക്കാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പെട്രോളിയം ഉല്പന്നങ്ങളുടെ വില നിയന്ത്രണാധികാരം സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ല. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി കുറച്ചിട്ടുണ്ട്. തുടർന്ന് പെട്രോൾ, ഡീസൽ എന്നിവയുടെ സംസ്ഥാന വില്പന നികുതിനിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ല. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃസംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇതു ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. |
| (ബി) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന കാര്യത്തിലുള്ള നിലപാട് ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിരുന്നുവോ; വിശദമാക്കുമോ; | (ബി) | പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന കാര്യത്തിലുള്ള നിലപാട് ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിരുന്നു. നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന വിൽപന നികുതി നിയമം, 1963 പ്രകാരമാണ് |

| | | | |
|---|---|---|---|
| | | | നികുതി ഈടാക്കുന്നത്. ടി നിയമമനുസരിച്ച് പെട്രോളിന് 30.08 ശതമാനവും ഡീസലിന് 22.76 ശതമാനവും വിൽപന നികുതി നിരക്ക് നിശ്ചയിച്ചിരിക്കുന്നു. എന്നാൽ ചരക്കുസേവന നികതി നിയമത്തിൻകീഴിൽ പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനപ്രകാരം ചുമത്താവുന്ന പരമാവധി നികുതി നിരക്ക് 28% ചുമത്തിയാൽ പോലും സംസ്ഥാന വിഹിതം 14% മാത്രമാണ്. അതിനാൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടിയിൽ ഉൾപ്പെടുത്തണം എന്ന നിർദ്ദേശം ഭീമമായ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്നതാണ്. മാത്രവുമല്ല എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പെട്രോൾ, ഡീസൽ നികുതികളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര നികുതികളിൽ വൻ വർദ്ധനവാണ് ഉണ്ടായത്. അതിനാൽ കേന്ദ്ര നികുതി കുറച്ച് വിലനിയന്ത്രിക്കുന്നതിന് കേന്ദ്രസർക്കാർ തയ്യാറാകുകയാണ് വേണ്ടത്. |
| (സി) | ജി.എസ്.ടിയിൽ ഉൾപ്പെടുത്താതെ പെട്രോളിയം ഉല്പന്നങ്ങളുടെ വില താഴ്ത്തിക്കൊണ്ടുവരുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങളുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | 2014-ൽ കേന്ദ്ര സർക്കാർ അധികാരത്തിലേറിയ സമയത്ത് ഓരോ ലിറ്റർ പെട്രോളിന്മേലും ഡീസലിന്മേലും ചുമത്തിയിരുന്ന കേന്ദ്ര നികുതികൾ യഥാക്രമം 9.476 രൂപ/ലിറ്റർ, 3.564 രൂപ/ലിറ്റർ എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 32.9രൂപ/ലിറ്റർ, 31.8 രൂപ/ലിറ്റർ എന്നിങ്ങനെ ആയി വർദ്ധിപ്പിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80 ശതമാനവും 24.52 ശതമാനവും ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറയ്ക്കുകയാണ് ഉണ്ടായത്. എന്നാൽ 06-05-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടെയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടെയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. 2014-നുശേഷം 13 തവണ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയും സെസും കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതാണ് വിലവർദ്ധനവിന് പ്രധാന കാരണം. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച താനേ കുറയുന്നതാണ്. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. |

സെക്ഷൻ ഓഫീസർ